**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **24-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർഷത്തിൽ ആകെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഏറ്റവും കൂടിയ വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തിയ 2024 മെയ് രണ്ടാം തീയതി പീക്ക് ലോഡ് സമയത്ത് ആഭ്യന്തര ഉത്പാദനം 1655 മെഗാവാട്ട് ആയിരുന്നു. |
| (ബി) | വർഷത്തിൽ ശരാശരി എത്ര മെഗാവാട്ടാണ് ആവശ്യമായി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തിയ ശരാശരി വൈദ്യുതി ആവശ്യകത 3532 മെഗാവാട്ട് ആയിരുന്നു. |
| (സി) | ഇത് ഏതൊക്കെ രീതിയിലാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ആഭ്യന്തര ഊർജ്ജ സ്രോതസ്സുകളിൽ ഏറിയ പങ്കം ജലവൈദ്യുത ഉത്പാദനമാണ്. സൗരോർജ്ജ നിലയങ്ങളിൽ നിന്നും പൂർണതോതിൽ ഉത്പാദനം നടത്തി വരുന്നുണ്ട്. കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിയും ദീർഘകാല കരാറടിസ്ഥാനത്തിൽ ലഭിക്കുന്ന വൈദ്യുതിയും പൂർണതോതിൽ ഉപയോഗിക്കുന്നു. ഇപ്രകാരം എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭ്യമായിട്ടുള്ള വൈദ്യുതിയിലും കവിഞ്ഞു വരുന്ന ആവശ്യകത പവർ എക്സ്ചേഞ്ചിൽ നിന്നും DEEP പോർട്ടൽ വഴി ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടുമാണ് നികത്തുന്നത്. |
| (ഡി) | ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നതെന്നും ഈ ഇനത്തിൽ നൽകിവരുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ വീതമാണ് സർക്കാർ ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ? | (ഡി) | ഗാർഹിക ഉപഭോക്താക്കൾക്ക് ശരാശരി യൂണിറ്റ് ഒന്നിന് 5.37 രൂപ നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്. വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. |

| **Low Tension – I – Domestic (LT-I)** | | | | |
|---|---|---|---|---|
| Monthly Consumption Slab | Fixed Charge | | Energy Charge | Remarks |
| | (Rs./Consumer/ month) | | | |
| | Single Phase | Three Phase | (Rs/ Unit) | |

| | | | | |
|---|---|---|---|---|
| 0-40 | Nil | | 1.50 | This rate is applicable only to BPL category with connected load of and below 1000 watts. |
| 0-50 | 40 | 100 | 3. 25 | Telescopic |
| 51-100 | 65 | 140 | 4.05 | |
| 101-150 | 85 | 170 | 5. 10 | |
| 151-200 | 120 | 180 | 6. 95 | |
| 201-250 | 130 | 200 | 8. 20 | |
| 0-300 | 150 | 205 | 6.40 | Non-telescopic |
| 0-350 | 175 | 210 | 7.25 | |
| 0-400 | 200 | 210 | 7. 60 | |
| 0-500 | 230 | 235 | 7. 90 | |
| Above 500 | 260 | 260 | 8. 80 | |

പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാ ക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവണ്മെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്. അതായത് ടി വിഭാഗത്തിന് **ഓരോ യൂണിറ്റ് വൈദ്യുതിക്കും 3.25 രൂപ നിരക്കിൽ** ഗവൺമെൻറ് സബ്സിഡി നൽകിവരുന്നു.

നിലവിൽ പ്രതിമാസം 40 യൂണിറ്റ് വരെ ഉപയോഗിക്കുന്നതും ആയിരം വാട്സ് വരെ കണക്ടഡ് ലോഡ് ഉള്ളതുമായ ദാരിദ്ര്യരേഖക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 1.50 രൂപ നിരക്കിലാണ് നിലവിലെ താരിഫ് പ്രകാരം വൈദ്യുതി നൽകിവരുന്നത്. ടി ആനുകൂല്യം 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ദാരിദ്രരേഖയ്ക്ക് താഴെ 50 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി ഇളവ് നൽകുന്നതിന് അവരുടെ 41 മുതൽ 50 വരെയുള്ള യൂണിറ്റ് ഉപഭോഗത്തിന് ഓരോ യൂണിറ്റിനും **1.75 രൂപ** (3.25- 1.50)സർക്കാർ നൽകിവരുന്നു.

സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക്, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012-ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം **40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും** ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ